DOI: https://doi.org/10.46632/cllrm/4/5/10
Contemporaneity of Language and Literature in the Robotized Millennium
Vol: 4(5), 2022
REST Publisher; ISBN: 978-81-936097-3-6
Website: http://restpublisher.com/book-series/cllrm/

# മൊഴിയും പൊരുളും: അർത്ഥാന്തരങ്ങൾ

**ടോണി ജോസഫ്**
അസി .പ്രൊഫസർ, മലയാളവിഭാഗം
സെന്റ് തോമസ് കോളേജ് ,പാലാ

**താക്കോൽ വാക്കുകൾ**

വിജ്ഞാനം – വിവർത്തനം – സങ്കേതികപദങ്ങൾ – നിത്യോപയോഗപദങ്ങൾ – വ്യാകരണം – മൂലഭാഷ – ലക്ഷ്യഭാഷ – പ്രയോഗപരിചയം – അവധാനത – കൗതുകം.

**ആമുഖം**

ഒരു സംസ്കാരത്തിൽനിന്ന് മറ്റൊരു സംസ്കാരത്തിലേയ്ക്ക് വിജ്ഞാനം കടന്നുവരുന്നത് പരിഭാഷകളിലൂടെയാണ്. തനതായ ദേശപരിമിതികൾക്കുള്ളിൽ പെടേണ്ടിവരുമ്പോൾ ഒരു സംസ്കാരം മറ്റൊന്നിനെ ആശ്രയിക്കേണ്ടിവരുന്നു. മറ്റു സംസ്കാരങ്ങളിൽ വ്യവഹാരത്തിൽ ഇരിക്കുന്ന സങ്കേതങ്ങൾ നമ്മുടെ സംസ്കാരവ്യവഹാരത്തിന് ആവശ്യമാണെന്നുകാണുമ്പോൾ വിവർത്തനങ്ങൾ ആവശ്യമായിത്തീരുന്നു. ഇങ്ങനെ പുതിയതായി വരുന്ന പരികല്പനകളെ നാം വിവർത്തനങ്ങളിലൂടെ നമ്മുടേതാക്കിമാറ്റുന്നു. എല്ലാ സംസ്കാരങ്ങളുടെയും വളർച്ചയ്ക്ക് പിന്നിൽ പരിഭാഷകൾക്ക് ഗണ്യമായ പങ്കുണ്ട്. വിവർത്തങ്ങളുടെ സാധ്യതകളും പരിമിതികളും അന്വേഷിക്കുമ്പോൾ സാംസ്കാരിക വ്യവഹാരങ്ങളുടെ - കൊള്ളൽ കൊടുക്കലുകളുടെ - സങ്കേതബദ്ധതയാണ് അനുഭവപ്പെടുക.

വിവർത്തനങ്ങൾ പ്രധാനമായും കൈകാര്യം ചെയ്യുന്നത് അറിവിനെ സംവഹിക്കുന്ന ഭാഷയെയാണ്. ഭാഷയിലെ പദങ്ങളും പ്രയോഗങ്ങളും മതിയാകാതെവരുമ്പോൾ പുതുപദങ്ങളെ നിർമ്മിക്കുക, പ്രയോഗങ്ങളെ പുനഃക്രമീകരിക്കുക എന്നിങ്ങനെ ആവശ്യമാകും. പുതുപദനിർമ്മിതിയും പ്രയോഗനിർമ്മിതിയും പദങ്ങളുടെ പൊരുളുകൾക്ക് പുതിയ നിർവ്വചനം നൽകുകയാണ് ചെയ്യുന്നത്. ഘടനാവാദം അനുസരിച്ച് അർത്ഥങ്ങൾ പുതിയ പദങ്ങൾ തന്നെയാണ്. എങ്കിലും അവ ഭാഷയ്ക്ക് ഉള്ളിലാണ് രൂപീകരിക്കപ്പെടുന്നത്. ഭാഷയ്ക്ക് ഉള്ളിൽ അർത്ഥങ്ങൾ രൂപീകരിക്കപ്പെടുന്നതിനെ പ്രൊഫ. ചാത്തനാത്ത് അച്യുതനുണ്ണി വക്രോക്തി സിദ്ധാന്തത്തെ മുൻനിർത്തി മൂന്നായി തരം തിരിക്കുന്നുണ്ട്. (2017:8). 1. അർത്ഥത്തിന്റെ സ്ഥാനാദേശം. അതായത് ഒരു ശബ്ദത്തിന്റെ അർത്ഥം മറ്റൊരു ശബ്ദത്തിലേയ്ക്ക് സഞ്ചരിക്കുന്നത്. 2. അർത്ഥത്തിന്റെ വിരൂപീകരണം. അർത്ഥത്തിന് നാനാത്വമോ സന്ദിഗ്ദ്ധതയോ പരസ്പരവൈരുധ്യമോ തികഞ്ഞ അഡംബദ്ധത്വമോ ആണിത്.

3. അർത്ഥനിർമ്മാണം. അന്യഥാ സാർത്ഥമാകാനിടയില്ലാത്ത ഘടകങ്ങളിൽനിന്ന് അർത്ഥം നിർമ്മിച്ചെടുക്കലാണിത്. അർത്ഥനിർമ്മാണത്തെ സ്ഥൂലമായി സമീപിക്കാനേ ഇക്കാലത്ത് ഈ നിർവ്വചനത്തിന് സാധിക്കുന്നുള്ളൂ. സൂക്ഷ്മമായ മറ്റ് അനേകം ഘടകങ്ങൾ പൊരുളിൽ പ്രവർത്തിക്കുന്നുണ്ട്. ഭാഷ ഒരു കരാറാണ്. ഇന്നയിന്ന ശബ്ദങ്ങൾത്ത് ഇന്നയിന്ന അർത്ഥമാണ് ധരിക്കേണ്ടത് എന്ന് വക്താക്കളും ശ്രോതാക്കളും തമ്മിൽ ഏർപ്പെടുന്ന ഒരു സ്വയം ഭൂവായ കരാറ് (2013:11) എന്ന ഡോ. എം. ആർ. രാഘവവാര്യരുടെ അഭിപ്രായം ഘടനാവാദപരമായി പക്വമാണെങ്കിലും വിവർത്തനങ്ങളിൽ അത്ര സൂക്ഷ്മമല്ല. വിവർത്തനത്തിലൂടെ മലയാളത്തിലേയ്ക്ക് കടന്നുവന്ന ഏതാനും മൊഴിയുടെ പൊരുളുകളെ അവയുടെ മൂലാർത്ഥങ്ങളുമായി തട്ടിച്ചുനോക്കുകയാണ് ഈ പ്രബന്ധം ചെയ്യുന്നത്. വൈജ്ഞാനികമേഖലയിലെ അർത്ഥനിർമ്മാണം എന്ന തരത്തിൽ ഏതാനും സാങ്കേതികപദങ്ങളുടെ വിവിർത്തനവും ഭൗതികപരിസരവുമായി ബന്ധപ്പെട്ട ചില നിത്യോപയോഗപദങ്ങളുടെ വിവിർത്തനവും ആണ് ഇവിടെ വിശകലനം ചെയ്യുന്നത്.

**രീതിശാസ്ത്രം**

Copyright@ 2022 REST Publisher

വിവർത്തനം എന്നതുകൊണ്ട് ഇവിടെ തർജമ എന്നാണ് അർത്ഥമാക്കുന്നത്. മലയാളഭാഷ സ്വീകരിച്ച പദങ്ങളിൽ ഏതാനും എണ്ണത്തെ വിശകലനവിധേയമാക്കുകയാണ് ഇവിടെ. പദങ്ങളെ തെരഞ്ഞെടുക്കുന്നതിൽ പ്രയോഗസാധാരണത്തമാണ് മാനദണ്ഡമാക്കിയിരിക്കുന്നത്. സമകാലിക വ്യവഹാരവിശകലന (discourse analysis) നിയമങ്ങളാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. പഠനസൗകര്യത്തിനായി പ്രബന്ധത്തെ രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

## I. സാങ്കേതികപദങ്ങളുടെ വിവർത്തനം

വിവർത്തനം പലതരത്തിലുണ്ട്. വാക്യങ്ങളുടെ പദാനുപദവിവർത്തനം, ആശയവിവർത്തം എന്നിങ്ങനെ തരം തിരിക്കാം. പദങ്ങളുടെ വിവർത്തനമാണ് ഈ പഠനത്തിൽ പരിഗണിച്ചിരിക്കുന്നത്. പദങ്ങൾ സവിശേഷമായും സാങ്കേതികപദങ്ങൾ വിവർത്തനം ചെയ്യപ്പെടുമ്പോൾ സ്രോത്രഭാഷയിലെ അർത്ഥവുമായി ലക്ഷ്യഭാഷ യഥാവിധി സംവദിക്കണമെന്നില്ല. പരിഭാഷ എന്ന പദംതന്നെ ഇതിനുദാഹരണമാണ്. സംസ്കൃതത്തിൽ ഈ പദത്തിന് വിവക്ഷിക്കുന്ന അർത്ഥമല്ല മലയാളത്തിൽ ഇപ്പോൾ പ്രയോഗത്തിലുള്ളത്. സംസ്കൃതത്തിൽ അതിനിയമങ്ങളെയാണ് ഈ പദം സൂചിപ്പിക്കുന്നത്. വ്യാകരണത്തിലെ മറ്റു നിയമങ്ങളെ വ്യക്തമായി വ്യാഖ്യാനിക്കാൻ സഹായിക്കുന്ന നിയമങ്ങളാണ് പരിഭാഷ എന്ന് മലയാളത്തിൽ അറിയപ്പെടുന്നത്.(2020:39).

Translation എന്ന പദത്തിന്റെ അർത്ഥമാണ് പരിഭാഷയ്ക്ക് ഇപ്പോൾ പ്രയോഗത്തിലുള്ളത്. Tranlatus എന്ന ലത്തീൻ പദത്തിൽ നിന്നാണ് ഈ പദം ഇംഗ്ലീഷിലേയ്ക്ക് കടന്നുവന്നത്. കുറുകെ കൊണ്ടുപോയി (carried across) എന്നാണ് ഓക്സ്ഫോർഡ് ഡിക്ഷനറി Translation എന്ന പദത്തിന് നൽകുന്ന അർത്ഥം. (2000:1101). ഇംഗ്ലീഷിലേയ്ക്ക് കടന്നുവന്നപ്പോൾ അല്ലെങ്കിൽ എഴുത്തിനെ മറ്റൊരു ഭാഷയിലേയ്ക്ക് മാറ്റുക എന്നതായി. വ്യാകരണനിയമങ്ങൾ അനുസരിച്ച് സ്ഥിരീകരണം ലഭിക്കും എന്ന അർത്ഥത്തിലാവണം ഈ പദത്തിന് പരിഭാഷ എന്ന പദം മലയാളം ഉപയോഗിച്ചത്. തർജ്ജമ എന്ന വാക്കുതന്നെ നമ്മുടേതല്ല. ഈ പദം കടം കൊണ്ടതാണ്.

Collage എന്ന പദത്തിന് പല വസ്തുക്കളുടെ സംയോജനം; പല വസ്തുക്കൾ ചേർന്ന ഒരുതരം കല എന്നാണ് ഓക്സ്ഫോർഡ് ഡിക്ഷനറി അർത്ഥം നൽകുന്നത് (2000:188). ലത്തീനിലെ ഒരുമിച്ചു ചേരുക എന്ന പദത്തിൽ നിന്നുമാണ് ഈ പദം ഉദ്ഭവിക്കുന്നത്. പല കലകൾക്ക് പ്രാധാന്യം നൽകി പഠിപ്പിച്ചിരുന്ന സ്ഥാപനം എന്ന നിലയിലാണ് കലാലയം എന്ന പേര് മലയാളം സ്വീകരിച്ചത്. ശാസ്ത്രവിഷയങ്ങളെ ഇന്ന് കലയായി സമീപിക്കുന്ന രീതി അനുവർത്തിക്കുന്നതിനാൽ ഇക്കാലത്താണ് കലാലയം എന്ന അർത്ഥം പൂർണ്ണമായി യോജിക്കുക.

Weekday മലയാളത്തിൽ പ്രവൃത്തിദിനമാണ്. ഇംഗ്ലീഷിൽ ഞായറാഴ്ചയും അല്ലെങ്കിൽ ശനിയാഴ്ചയും ഒഴികെയുള്ള ദിനമാണ്. (2000:1178). മലയാളിക്ക് ശനിയാഴ്ചയും പ്രവൃത്തിദിനമായതിനാൽ നമുക്ക് അത് ഉൾപ്പെടും.

Activist എന്ന പദത്തിന് ഭാഷാശാസ്ത്രജ്ഞനായ ഡോ. പ്രബോധചന്ദ്രൻനായർ നൽകുന്ന തർജ്ജമ തീവ്രകർമ്മി എന്നാണ്. രാഷ്ട്രീയമോ സാമൂഹികപരമോ ആയ പരിവർത്തനത്തിനു ആഹ്വാനം ചെയ്യുന്ന ആൾ എന്നാണ് ഓക്സ്ഫോർഡ് ഡിക്ഷനറി നൽകുന്ന അർത്ഥം (2015:13). Campaigns എന്ന പദത്തിന് കൂട്ടായപ്രവർത്തനം എന്ന അർത്ഥമാണ് യോജിക്കുക (2000:135). തീവ്രകർമ്മി എന്ന അർത്ഥം ലഭ്യമാകുന്നത് പദാനുപദവിവർത്തനമല്ല. നമുക്ക് പരിചയമുള്ള activist കളുടെ പ്രവർത്തനംകൊണ്ട് ലഭ്യമായ അർത്ഥമാണ്.

Ombudsman എന്ന പദത്തിന് ഡിക്ഷനറി നൽകുന്നത് ഒരു സംവിധാനത്തിനെതിരെ ജനങ്ങളുടെ പരാതിയെക്കുറിച്ച് അന്വേഷിക്കുന്ന ഔദ്യോഗികങ്ങൾ എന്ന അർത്ഥമാണ് (2000:706). എന്നാൽ ഡോ. പ്രബോധചന്ദ്രൻനായർ ഈ പദത്തിനു സമാനത നൽകിയിരിക്കുന്നത് വിശേഷാൽ ന്യായാധിപൻ എന്നാണ് (2015:15). ന്യായാധിപന്മാർ അന്വേഷകരാകുന്ന സന്ദർഭം പരിചിതമായതിനാലും പലപ്പോഴും കേരളത്തിലെ ഓംബുഡ്സ്മാൻ ഇത്തരം അന്വേഷണങ്ങൾ നടത്തിയതുമൂലവുമാണ് ഈ അർത്ഥം ഉപയോഗിച്ചത്. വിശേഷാൽ ന്യായാധിപന്മാരെല്ലാം ഓംബുഡ്സ്മാൻ അല്ലതാനും.

സാങ്കേതികപദങ്ങളുടെ വിവർത്തനങ്ങളിൽ ഏതാനും പദങ്ങളെ മാത്രമാണ് ഇവിടെ പരിശോധിച്ചത്. അവയുടെ പരിഭാഷ മൂലഭാഷയിൽനിന്നും വ്യത്യസ്തത പുലർത്തുന്നതായി കാണാൻ സാധിക്കുന്നു. സാങ്കേതികപദങ്ങളെ മലയാളം സ്വീകരിച്ചപ്പോൾ പ്രവർത്തിച്ച് സംസ്കാരവ്യത്യസ്തതയാണ് വിവർത്തനത്തിൽ വിച്ഛേദത്തിനു കാരണമാകുന്നത്. ലക്ഷ്യഭാഷയും മൂലഭാഷയും സാംസ്കാരികവ്യവഹാരങ്ങളിൽ വ്യത്യസ്തമാകുമ്പോൾ ലക്ഷ്യഭാഷയുടെ പ്രയോഗപരിചിതത്തമാണ് അർത്ഥവ്യാപനത്തിൽ പ്രവർത്തിക്കുന്നതെന്നു കരുതാം.

## II. നിത്യോപയോഗ പദങ്ങളുടെ വിവർത്തനം

Copyright@ REST Publisher 

ഭാഷാപ്രയോഗം ഏറ്റവും ശക്തമാകുന്നത് നിത്യോപയോഗങ്ങളിലാണ്. ജീവൽഭാഷയുടെ ശക്തിതന്നെ നിത്യോപയോഗപദങ്ങളുടെ ബഹുലതയും വിതരണവുമാണല്ലോ? നിത്യോപയോഗത്തിനായി നമുക്ക് തനതുപദങ്ങൾ മതിയാകാതെ വരുമ്പോൾ അന്യഭാഷാപദങ്ങളെ അന്വേഷിക്കേണ്ടിവരുന്നു. ഭാഷണസമൂഹം വികസിക്കുന്നതാണ് കാരണം. ആഗോളവത്കരണത്തിന്റെ ഇക്കാലത്ത് നമ്മുടെ കോശസമൃദ്ധികൊണ്ട് നിത്യവ്യവഹാരങ്ങൾ സാധിക്കാതെവരുന്നു. പല പദങ്ങളെയും തത്സമങ്ങളായി സ്വീകരിക്കുന്നതോടൊപ്പം വിവർത്തനങ്ങളും ഉണ്ടാകുന്നുണ്ട്. അത്തരം പദങ്ങളുടെ വിവർത്തനം പൂർണ്ണമായും ഭാഷയെ തൃപ്തമാക്കുന്നില്ല എന്നു കാണാവുന്നതാണ്.

മലയാളിയെ സംബന്ധിച്ച് facebook ഇന്ന് ഒഴിച്ചുകൂട്ടാനാവാത്ത ഒരു മാധ്യമമായി മാറിയിരിക്കുന്നു. Facebook നിർമ്മിക്കുന്ന രാഷ്ട്രനിർമ്മിതിയെക്കുറിച്ച് ഡോ. ടി. ടി. ശ്രീകുമാർ ഒരു വെബിനാർതന്നെ നടത്തിയിട്ടുണ്ട്. (നവസാങ്കേതികവിദ്യകളും ജനാധിപത്യവും, Youtube : 2021). നിത്യജീവിതത്തിൽ ഫേസ്ബുക്കിന്റെ ഒഴിവാക്കാനാവാത്ത ഇടപെടലുകളാണ് സെമിനാർ വിഷയമായി തിരഞ്ഞെടുക്കപ്പെടുവാനുള്ള കാരണം. ഈ മാധ്യമത്തെ മലയാളം ഭാഷാന്തരീകരണം നടത്തിയിരിക്കുന്നത് മുഖപുസ്തകം എന്നാണ്. യൂറോപ്യൻ സംസ്കാരത്തിൽ പുസ്തകനിർമ്മിതിയും സംരക്ഷണവും പ്രാധാന്യമർഹിക്കുന്നതാണല്ലോ. പുസ്തകങ്ങളോടുള്ള അഭിവാഞ്ജയാണ് Facebook ന ആ പേര് നിർദ്ദേശിക്കാൻ സുക്കർബർഗിനെ പ്രേരിപ്പിച്ചിരിക്കുക. മുഖപുസ്തകം എന്ന മലയാളവിവിർത്തനം ഫേസ്ബുക്ക് നിർമ്മിക്കുന്ന അർത്ഥം വിനിമയം ചെയ്യുന്നില്ല. അർത്ഥലോപം വരുത്തുകയാണ് ഈ പരിഭാഷ. Face ഉം book ഉം പദാനുപദ തർജ്ജമകളായി ചേർത്തുവച്ചപ്പോൾ ഈ മാധ്യമം നിർവ്വഹിക്കുന്ന അർത്ഥികലോകത്തെ അടയാളപ്പെടുക്കാനാകുന്നില്ല. ഇവിടെ വിവർത്തനം ഇടറിപ്പോകുകയാണ്. കൈപ്പുസ്തകം പോലെയല്ല Facebook എന്നത് പരിഭാഷയുടെ വൈകല്യമാണ് വ്യക്തമാക്കുന്നത്.

Workshop എന്ന പദത്തിന് (2000:1197) എന്ന പദത്തിന് രണ്ട് അർത്ഥമാണ് ഡിക്ഷനറി നൽകുന്നത്. 1. A room or building in which goods are made or repair. 2. A meeting for discussion and activities on a particular subject or project. ഈ പദത്തിന് മലയാളവിവർത്തനമായി പണിശാല, പണിയാല എന്നൊക്കെ ചിലർ അർത്ഥം നൽകി. വാമൊഴിയിൽ ഇവ നടപ്പായില്ല എന്നു പ്രൊഫ. ടി. ബി. വേണുഗോപാലപ്പണിക്കർ നിരീക്ഷിക്കുന്നു. (2006:15). ഈ പദത്തിനു നൽകിയിരിക്കുന്ന ആദ്യത്തെ അർത്ഥം കായികമായ പണിയുമായി ബന്ധം പുലർത്തുന്നു. മാനസിക-ബൗദ്ധിക വ്യവഹാരത്തെയും ഈ പദം വിവക്ഷിക്കുമ്പോൾ വിചിന്തനം എന്നോ ചിന്താകളരി എന്നോ വിവർത്തനം നൽകിയിരുന്നെങ്കിൽ ഒരുപക്ഷേ സൂക്ഷ്മമായേനേ എന്ന് അദ്ദേഹം സൂചിപ്പികക്കുന്നു. രണ്ടാമത്തെ അർത്ഥത്തിന് സമാനമായ പദനിർമ്മാണക്ഷമത ഇവിടെ പുലർത്തിയിരുന്നില്ല. അവധാനതയാവാം ഒരുപക്ഷേ വിവർത്തനത്തിൽ സംഭവിച്ചിരിക്കുക.

Speed Breaker എന്നതിന് വേഗത്തട എന്ന വിവർത്തനം മലയാളമനോരമ ദിനപത്രം നൽകിപ്പോരുന്നത്. നല്ല ഇംഗ്ലീഷിൽ ഈ പദങ്ങൾ ഒന്നു ചേരുമോ എന്നുതന്നെ സംശയമാണ്. തടയുക എന്ന അർത്ഥം പരിഗണിച്ചാണ് ഈ സംയോഗം. ഇംഗ്ലീഷ് ഡിക്ഷനറി ഉപയോഗിക്കുന്നത്. (2000:996). Speed Bump എന്ന നാമമാണ്. തട എന്ന നാമം ഇവിടെ ഉചിതമാകുന്നില്ല. പദങ്ങളെ പരമാവധി കുറച്ചെഴുതുക എന്ന കേരളപാണിനിയ നയമാകണം ഇവിടെ പ്രമാണമായത്. ആശയക്ലിഷ്ടതയുളവാക്കത്തക്ക രീതിയിൽ സാങ്കേതികപദങ്ങളും ശാസ്ത്രീയസംജ്ഞകളും വിവിർത്തനം ചെയ്യരുതെന്ന് പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള നിർദ്ദേശിക്കുന്നുണ്ട് (1980:102). ആശയക്ലിഷ്ടതയാണ് ഈ വിവർത്തനം നൽകുന്നത്. അവധാനതയാകണം വിവർത്തനത്തിൽ ഇവിടെ പ്രവർത്തിച്ചത്.

മലയാളിയുടെ നിത്യോപയോഗത്തിലെ പ്രതിലോമ്യത്തെ കുറിക്കുന്ന ഒരു പദമാണല്ലോ വില്ലൻ എന്നത്. ഗുണ്ടർട്ട് നിഘണ്ടു An archer, hunder എന്നിങ്ങനെയാണ് അർത്ഥം നൽകുന്നത് (1872/1991:958). ചുമയ്ക്കുമ്പോൾ വില്ലുപോലെ വളഞ്ഞുപോകുന്നതുകൊണ്ട് വില്ലുചുമ എന്ന വാക്ക് ഇതിൽനിന്നും രൂപപ്പെട്ടതാണെന്ന് കേരളഭാഷാനിഘണ്ടുവിനെ ഉദ്ധരിച്ച് ഡോ. എം. എൻ. കാരശ്ശേരി നിരീക്ഷിക്കുന്നു. (2012:50). എന്നാൽ വില്ലൻ എന്ന വാക്ക് ഇന്ന് ഉപയോഗിക്കുന്നത് മേൽസൂചിപ്പിച്ച അർത്ഥത്തിലല്ല. ഇംഗ്ലീഷിലെ പദത്തിന്റെ അർത്ഥമാണ് 1822 ചാൾസ് ലാംബ് ഒരു നാടകത്തിൽ പ്രതിനായകൻ എന്ന അർത്ഥത്തിൽ ഇത് ഉപയോഗിച്ചതായും പിന്നീട് അതേ അർത്ഥത്തിൽ നിത്യവ്യവഹാരത്തിൽ പ്രചരിച്ചതായും ഡോ. കാരശ്ശേരി അഭിപ്രായപ്പെടുന്നുണ്ട്. (2012:49). വില്ലൻ എന്ന പദം മലയാളത്തിൽ ഉപയോഗിക്കുന്നത് തീർച്ചയായും ഇംഗ്ലീഷിലെ പദത്തിന്റെ തത്സമമായാണ്. കാലഘട്ടമനുസരിച്ച് മലയാളത്തിൽ വില്ലന്റെ അർത്ഥത്തിന് പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്നു. വില്ലൻ എന്ന പദത്തിന്റെ അർത്ഥം കൂടുതൽ ആയപരമായി മാറുന്നതാണ് ഇതിനു കാരണമായി കണ്ടെത്താവുന്നത്.

House boat എന്ന പദത്തെ പുരവഞ്ചി/വഞ്ചിവീട് എന്നിങ്ങനെ വിവർത്തനം ചെയ്യുന്നത് സാധാരണയാണ്. വീടും പുരയും സാമാന്യ അർത്ഥത്തിൽ മാത്രമാണ് ഒന്നാകുന്നത്. തികച്ചും വ്യത്യസ്തരായ ആളുകളുടെ വാസസ്ഥലമായിരുന്നു അവ (2012:28). ജനാധിപത്യം പ്രബലമായതോടെ ആണ് അവ ഒരേ അർത്ഥം വഹിക്കാൻ തുടങ്ങിയത്. ഗൃഹത്തിലെ പോലെ പെരുമാറാൻ സാധിക്കുന്ന സൗകര്യം നൽകുന്നതുകൊണ്ടാകണം ഇത്തരം വള്ളത്തിന് മേൽ സൂചിപ്പിച്ച വിവർത്തനം യോജിക്കുക. ആലങ്കാരികമായി മാത്രമാണ് ഈ പദം അർത്ഥം നൽകുന്നതെന്നു കാണാം. അർത്ഥത്തെ മുൻനിർത്തിയാൽ ഈ പദങ്ങളുടെ ചേർച്ചപോലും തർക്കത്തിന് വിധേയമാകും. കേൾക്കുമ്പോൾ ഉള്ള കൗതുകമായിരിക്കണം ഈ വിവർത്തനത്തിനു പ്രേരകമായത്.

**ഉപസംഹാരം**

വിവർത്തനങ്ങൾ കൃത്യമായ ഒരു നിയമം പാലിക്കാൻ പലപ്പോഴും ആകുന്നില്ല. പദങ്ങളിലൂടെ കടന്നുവരുന്ന വിജ്ഞാനത്തിന്റെ വിതരണബാധ്യതയാണ് വിവർത്തനങ്ങളെ നിയന്ത്രിക്കുന്നതെന്ന് പറയാം. വിജ്ഞാനവിതരണം കൗതുകത്തിനുവേണ്ടിയാണെങ്കിൽ പദനിർമ്മിതിയിൽ നിയമങ്ങൾ ബാധിക്കണമെന്നില്ല. നിത്യോപയോഗപദങ്ങളുടെ വിവർത്തനത്തിൽ മൂലാർത്ഥത്തെക്കാൾ സമകാലിക വ്യവഹാരങ്ങളാണ് പ്രാബല്യം നേടുന്നതായി കണ്ടുവരുന്നത്. ജനാധിപത്യംപോലുള്ള ലോകക്രമങ്ങളുടെ പ്രവർത്തനം പദനിർമ്മാണത്തിൽ സ്വാധീനം ചെലുത്തുന്നുണ്ട്. സാങ്കേതികപദങ്ങളുടെ വിവർത്തനങ്ങൾ അവയുടെ സങ്കേതത്തെ കാലത്തിന് അനുസരിച്ച് നിർവ്വചിക്കുന്നതാണ് കണ്ടുവരുന്നത്. ആശയച്ചുരുക്കലും വികാസവും കാലഘട്ടത്തിനും സന്ദർഭത്തിനും അനുസരിച്ച് സംഭവിക്കുന്നുമുണ്ട്. ചുരുക്കത്തിൽ ഒരു ഭാഷ/സംസ്കാരം ഉപയോഗത്തിനായി മറ്റൊരു ഭാഷ / സംസ്കാരത്തിലെ വ്യവഹാരത്തിന് സമാനമായി പദത്തെ നിർമ്മിക്കുമ്പോൾ അനേകം ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

**കണ്ടെത്തലുകൾ**

1. ജീവൽഭാഷയിലേയ്ക്ക് വിവർത്തനം ചെയ്യുമ്പോൾ പരമ്പരാഗത വ്യാകരണനിയമങ്ങൾക്ക് ശൈഥില്യം സംഭവിക്കും.
2. വിവർത്തനവും പുതുപദനിർമ്മിതിയും ചിലപ്പോഴെങ്കിലും സാമ്യ-വൈസാമ്യങ്ങൾ പ്രകടിപ്പിക്കും.
3. വിവർത്തനനിയമങ്ങളെ വിവർത്തനത്തിന്റെ ലക്ഷ്യമാണ് നിയന്ത്രിക്കുന്നത്.
4. നിരുക്ത്യാർത്ഥവുമായി വിവർത്തനത്തിന് അർത്ഥപരിവർത്തനം സംഭവിക്കാം.
5. വിവർത്തനപദങ്ങളെ സ്ഥിരീകരിക്കുന്നതിൽ ജനജീവിതവേഗത്തിന് മുഖ്യപങ്കുണ്ട്.

**സഹായകഗ്രന്ഥങ്ങൾ**


- കാരശ്ശേരി, എം. എൻ., ഡോ., മലയാളവാക്ക്, 2012, ഡി. സി. ബുക്സ്, കോട്ടയം.
- കാരശ്ശേരി, എം. എൻ., ഡോ., വാക്കിന്റെ വരവ്, 2013, ആഗസ്റ്റ്, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
- ഗോപിനാഥപിള്ള വട്ടപ്പറമ്പിൽ, പ്രൊഫ., ഡോ., മലയാളവ്യാകരണവും രചനയും, 1980, എച്ച ആന്റ് സി ബുക്സ്, തൃശ്ശൂർ.
- ചാത്തനാത്ത് അച്യുതനുണ്ണി, 'ഭാരതീയചിന്തകളും പാശ്ചാത്യസംവാദവും' ഭാഷാപഠനം: സിദ്ധാന്തവും സമീപനവും (എഡി.), 2017, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
- നായർ, രവിശങ്കർ, എസ്., ഡോ. ഭാഷയും ഭാഷാശാസ്ത്രവും, 2020, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
- പ്രബോധചന്ദ്രൻനായർ, ഡോ., എഴുത്ത് നന്നാവാൻ, 2015, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
- രാഘവവാരിയർ, എം. ആർ., ഡോ., ഭാഷാപഠനങ്ങൾ, 2013, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
- വേണുഗോപാലപ്പണിക്കർ, ടി. ബി., ഡോ., ഭാഷാലോകം, 2006, ഡി. സി. ബുക്സ്, കോട്ടയം.


Copyright@ REST Publisher 

- ഹെർമൻ ഗുണ്ടർട്ട്, ഡോ., ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു, 1872/1970/1991, ഡി. സി. ബുക്സ്, കോട്ടയം.
- Oxford Advance Dictionary, 2000, Oxford University Press New Delhi.
- Youtube, ശ്രീകുമാർ ടി. ടി., ഡോ., നവസാങ്കേതികവിദ്യകളും ജനാധിപത്യവും, 2021 ഫെബ്രുവരി 17, https://youtu.be/fTLzzujMMWA (നി. തി. 25/07/2022)